**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 459** **12-08-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കരുവന്നൂർ സഹകരണ ബാങ്ക് ക്രമക്കേടിനെ തുടർന്ന് സഹകരണ മേഖലയിലെ ക്രമക്കേടുകൾ തടയാൻ നിയമ ഭേദഗതിക്ക് ആലോചിക്കുന്നുണ്ടോ; | (എ) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പ്, സ്വർണ്ണ പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നിയമ ത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. |
| (ബി) | വായ്പ തട്ടിപ്പ്, സ്വർണപ്പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോ; | (ബി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും തട്ടിപ്പുകൾ കണ്ടെത്തി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്തി കുറ്റമറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര നിയമ ഭേദഗതി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വായ്പാ തട്ടിപ്പ്, സ്വർണ്ണ പണയ തട്ടിപ്പ് തുടങ്ങിയ ആരോപണങ്ങളിൽ കുറ്റക്കാരുടെ ആസ്തി മരവിപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്. |
| (സി) | ക്രിമിനൽ സ്വഭാവമുള്ള കേസുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസിനെ അറിയിക്കണമെന്ന് സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തിലെ ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയിട്ടും പോലീസിനെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയതായി പറയപ്പെടുന്ന സാഹചര്യം വിശദമാക്കാമോ? | (സി) | സംഘങ്ങളിലെ പ്രവർത്തനത്തിൽ വരുന്ന ക്രിമിനൽ സ്വഭാവമുള്ള കേസുകൾ cognizable ആണ്. ആയതിനാൽ ക്രിമിനൽ നടപടിക്രമം പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്. കരുവന്നൂർ സഹകരണ ബാങ്കിൽ 2018-19 വർഷത്തെ ആഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകളെ കുറിച്ച് സഹകരണ നിയമം അനുസരിച്ചുള്ള വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. |

സെക്ഷൻ ഓഫീസർ